**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5546.** **25.10.2011 ൽ മറുപടിക്ക്**

**<u>പി.ഡബ്ലിയു.ഡി. മാന്വൽ പരിഷ്ക്കരണം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. എം.ഹംസ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി)** |
| (എ) പി.ഡബ്ല്യൂ.ഡി മാന്വൽ പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ പുരോഗതി വ്യക്തമാക്കാമോ; | (എ) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്ക്കരിക്കുന്നതിന് "കരട്" തയ്യാറാക്കുകയും ക്യാബിനറ്റിൽ വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് കരട് തയ്യാറാക്കുകയും ധനവകുപ്പിൻെറ അഭിപ്രായത്തിന് അയച്ചുകൊടുക്കുകയും ചെയ്തു. ഇപ്പോൾ അത് ചീഫ് ടെക്നിക്കൽ എക്സാമിനരുടെ പരിഗണനയിലാണ്. |
| (ബി) പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്, ഇലക്ട്രിക്കൽ വിഭാഗങ്ങൾ തമ്മിലുള്ള കോർഡിനേഷൻ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിൻെറ സിവിൽ വിഭാഗം പ്രവൃത്തികൾ സിവിൽ വിഭാഗത്തിൽ നിന്നും ടെണ്ടർ ചെയ്യുന്നതിനു സമാന്തരമായി ഇലക്ട്രിക്കൽ പ്രവൃത്തികൾ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും ടെണ്ടർ ചെയ്യാൻ തീരുമാനം എടുത്തതിനുശേഷം നേരത്തെ ഉണ്ടായിരുന്ന കോർഡിനേഷൻ കുറവ് ഒരു പരിധി വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടത് ഇലക്ട്രിക് വിഭാഗവും ഫൈനൽ ബിൽ നൽകേണ്ടത് ബിൽഡിംഗ് വിഭാഗവും എന്നാക്കി പരിമിതപ്പെടുത്തികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ; അത്തരം ഉത്തരവുകളുടെ അഭാവം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) കോമ്പോസിറ്റ് ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ചെയ്തിരുന്ന പ്രവൃത്തികളുടെ ഇലക്ട്രിഫിക്കേഷൻ പണിക്ക് മേൽ-നോട്ടം വഹിക്കുന്നത് ഇലക്ട്രിക്കൽ വിഭാഗവും ഫൈനൽ ബിൽ നൽകുന്നത് ബിൽഡിംഗ് വിഭാഗവും ആയിരുന്നു. എന്നാൽ ഹൈക്കോടതിയിൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിവിൽ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികൾ പ്രസ്തുത വിഭാഗത്തിൽ നിന്നുതന്നെ ഒരേ സമയം ടെണ്ടർ ചെയ്ത് അതാത് വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ പണി പൂർത്തി-യാക്കി, അതാത് വിഭാഗത്തിൽ നിന്നുതന്നെ ഫൈനൽ ബിൽ നൽകുന്ന സംവിധാനമാണ് നിലവിലു-ള്ളത് . ഒരേ സമയം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനാൽ സിവിൽ ഇലക്ടിക്കൽ പണികൾ ഒരേ സമയം തീർക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഇപ്പോൾ ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ